മുതിർന്ന വനിതയുടെ ഫോട്ടോ എടുത്തശേഷം ഡാറ്റാ എൻട്രി നടത്തി, കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കും. ഇത് സംബന്ധമായി ലഭിക്കുന്ന ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്ത് സമിതി അംഗീകരിക്കുന്ന അന്തിമ മുൻഗണനാ പട്ടികപ്രകാരം മുൻഗണനാ കാർഡുകൾ നൽകുന്നതാണ്. മുൻഗണനാ പട്ടികയിൽ വരാത്തവർക്ക് പൊതുവിഭാഗം റേഷൻ കാർഡുകളും ഇതോടൊപ്പം നൽകും.

(സി) റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി 15-7-2014 മുതൽ റേഷൻ കാർഡിന്റെ ഡാറ്റാബേസ് (ആർ.സി.എം.എസ്.) മരവിപ്പിച്ചിട്ടുള്ളതിനാൽ റേഷൻ കാർഡ് സ്പ്ലിറ്റ് ചെയ്യുന്നതിനും പേരുകൾ ഒഴിവാക്കുന്നതിനും കൂട്ടിച്ചേർക്കുന്ന നടപടികളും നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ അത്യാവശ്യ സാഹചര്യങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകിവരുന്നു.

(ഡി-എഫ്) പുതിയതായി വീട് വച്ച് താമസിക്കുന്നവർക്ക് പഞ്ചായത്ത്/കോർപ്പറേഷൻ നൽകുന്ന താമസസ്ഥല സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാർഡുപുതുക്കൽ പ്രക്രിയ അവസാനിച്ചശേഷം പുതിയ കാർഡ് അനുവദിക്കുന്നതാണ്. എന്നിരുന്നാലും സംസ്ഥാനത്ത് ഇതുവരെ റേഷൻ കാർഡ് അനുവദിച്ച് കിട്ടിയിട്ടില്ലാത്തവർക്കും ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടുകയും ചെയ്തിട്ടില്ലാത്ത ആൾക്കാർക്കും താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്.

ദേശീയ ഭക്ഷ്യ സുരക്ഷാനിയമം

256 (1313) ശ്രീ. വി. ഡി. സതീശൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. വി. ടി. ബൽറാം
ശ്രീ. എ. ടി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാനിയമം സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഭക്ഷ്യ സുരക്ഷാനിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉള്ളവരെയും, എ.പി.എൽ. വിഭാഗത്തിലെ അർഹതയുള്ളവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി 2014 നവംബർ 1 മുതൽ നടപ്പിലാക്കുന്നതിന് 17-9-2014-ലെ സ.ഉ. (കൈ) നമ്പർ 39/14/ഭ.സി.സ.വ. ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുക, ആഫീസ് ഓട്ടോമേഷൻ നടപടികൾ പൂർത്തിയാക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ കൂടിയുള്ള അലോട്ട്മെന്റ്, വിതരണം എന്നിവ ഓൺലൈനിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം കേരളത്തിന്റെ അലോട്ട്മെന്റ് 16.25 ലക്ഷം ടണ്ണായി ലഭ്യമാക്കുക, ഡോർ ഡെലിവറിക്കായി സാമ്പത്തിക സഹായം നൽകുക, ധർമ്മ സ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യം തുടർന്നും ലഭ്യമാക്കണം തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ വച്ചിട്ടുണ്ട്.

(ബി) 14-1-2014-ലെ സ.ഉ. (കൈ)നമ്പർ 16/11/ത.സ്വ.ഭ.വ, 27-4-2012-ലെ സ.ഉ.(കൈ)നമ്പർ112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാഫാറം റേഷൻകടകളിലൂടെ കാർഡുടമകൾക്ക് നൽകി വിവര ശേഖരണം നടത്തി, മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്ത്തല കമ്മിറ്റികൾ അംഗീകരിച്ച് നൽകുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുന്ന പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. 1-1-2015 മുതൽ ഫാറം വിതരണം റേഷൻകടകളിൽ കൂടി ആരംഭിക്കുന്നതാണ്.

(സി) നിലവിൽ എ.എ.വൈ., ബി.പി.എൽ. കാർഡുകളിലുൾപ്പെടെ 19 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് ബി.പി.എൽ. ആനുകൂല്യം ലഭിച്ചുവരുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ 154.80 ലക്ഷം അംഗങ്ങൾക്ക് അതായത് 35 ലക്ഷത്തോളം കുടുംബങ്ങൾക്ക് മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ നിയമത്തിൽ നിശ്ചയിക്കപ്പെട്ട നിരക്കിൽ ഭക്ഷ്യധാന്യം നൽകുവാൻ കഴിയും. നിലവിൽ എ.പി.എൽ. വിഭാഗക്കാർക്ക് ഭക്ഷ്യധാന്യം നൽകുന്നതിനായി സംസ്ഥാന സർക്കാരിന് നൽകുന്ന നിരക്കിൽതന്നെ ഭക്ഷ്യധാന്യം നൽകാമെന്ന് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക കാര്യസമിതി അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്ത എ.പി.എൽ. (എസ്എസ്.) വിഭാഗക്കാർക്ക് നിലവിലുള്ള സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും എ.പി.എൽ. (എസ്എസ്.) വിഭാഗത്തിൽ പെടാത്തവർക്ക് നിലവിലുള്ള എ.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുവാനും 17-9-2014-ലെ സ.ഉ.(കൈ) നമ്പർ 39/14/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഇപ്പോൾ റേഷൻ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും, ധർമ്മ സ്ഥാപനങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ അതുപോലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും റേഷൻ തുടർന്നും നൽകാൻ ഭക്ഷ്യ സുരക്ഷാ നിയമം വ്യവസ്ഥ ചെയ്യുന്നില്ല. സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിവർഷ ശരാശരി വിഹിതമായ 16.25 ലക്ഷം ടണ്ണിന് പകരം 14.25 ലക്ഷം ടണ്ണായി ഇപ്പോൾ ഭക്ഷ്യധാന്യ വിഹിതം കുറവ് ചെയ്തിരിക്കുകയാണ്. മുകളിൽ സൂചിപ്പിച്ച എല്ലാ വിഭാഗക്കാർക്കും തുടർന്നും റേഷൻ ലഭ്യമാക്കണമെന്നും സംസ്ഥാനത്തെ മൊത്തം ഭക്ഷ്യധാന്യ വിഹിതം കൂട്ടണമെന്നും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. റേഷൻ വിതരണ ശൃംഖലയിൽനിന്ന് ഒരാളും ഒഴിവാക്കപ്പെടാത്ത രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ഡി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ എല്ലാ അർഹതയുള്ളവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും.

റേഷൻ കട നവീകരണം

257 (1314) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡ് ടു എൻഡ് പദ്ധതി പ്രകാരമുള്ള റേഷൻ കട നവീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) ഈ പദ്ധതി പൂർത്തിയാവുമ്പോൾ റേഷൻ വിതരണത്തിൽ എന്തൊക്കെ ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ജില്ലയിൽ ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly